## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033

ഫോൺ : 0471 2737324

ഇ-മെയിൽ : egrantzscdd@gmail.com


## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(Present : Sreedhanya Suresh IAS)**

No:SCDD/3903/2024-B3 (EDN B) Date:30-11-2024

വിഷയം:- പട്ടികജാതി വികസനം - സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Component-II) - Prematric Scholarship Scheme for the children of Parents/Guardians engaged in unclean & hazardous occupation - 2024-25 വർഷം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-

1) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതുക്കിയ കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങൾ

2) കേന്ദ്രസാമൂഹ്യനീതി മന്ത്രാലയം ഡയറക്ടറുടെ 21.07.2022 ലെ കത്ത് നം. K-17/1/2020-SCD-V-Part(2)

3) കേന്ദ്രസാമൂഹ്യനീതി മന്ത്രാലയം ഡയറക്ടറുടെ 14.10.2022 ലെ കത്ത് നം. K-11011/17/2022-SCD-V

****

അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ ആശ്രിതർക്കുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി [Prematric Scholarship Scheme for the children of Parents/Guardians engaged in unclean & hazardous occupation (Prematric Scholarship Component-II)] 2022-23 വർഷം മുതൽ പുതുക്കിയ കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 40:60 സംസ്ഥാന-കേന്ദ്ര അനുപാതത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2024-25 വർഷം e-grantz Portal, PFMS, National Scholarship Portal എന്നിവ മുഖേന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർ (SCDO) മുഖേന ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി പദ്ധതി നടപ്പലാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

### A. പദ്ധതിയുടെ സമയക്രമം

പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നത് 2024 ഡിസംബർ 1 ന് ആരംഭിക്കുന്നതും 2025 ഫെബ്രുവരി 15 ന് അവസാനിപ്പിക്കുന്നതുമാണ്. നിശ്ചിത സമയപരിധിക്കു ശേഷമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

### B. പൊതുവായ നിബന്ധനകൾ

1. ചുവടെ നിർണയിച്ചിട്ടുള്ളതു പ്രകാരമുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായവരും ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. വിദ്യാഭ്യാസ സ്ഥാപനത്തിന് valid ആയ UDISE Code ഉണ്ടായിരിക്കണം.

| | |
|---|---|
| (a) | Prohibition of employment as Manual Scavengers & their rehabilitation Act 2013 Section 2(l)(g) ൽ നിർണ്ണയിച്ചതു പ്രകാരം Manual Scavengers ആയിട്ടുള്ളവർ |
| (b) | Prohibition of employment as Manual Scavengers & their rehabilitation Act 2013 Section 2(l) |

| | |
|---|---|
| | (d) ൽ നിർണ്ണയിച്ചതു പ്രകാരം Hazardous Cleaning ൽ ഏർപ്പെട്ടിട്ടുള്ളവർ |
| (c) | Tanners & Flayers (തോൽ ഊറയ്ക്കിടുന്ന തൊഴിലിൽ ഏർപ്പെട്ടവർ) |
| (d) | Waste Pickers (മാലിന്യം ശേഖരിക്കുന്നവർ) |
| (e) | The dependents of sewer victims (who have died of might have suffered disabilities) [അഴുക്കുചാലിലെ ഇരകളുടെ ആശ്രിതർ (മരണപ്പെടുകയോ വൈകല്യങ്ങൾ നേരിടേണ്ടി വന്നിരിക്കുകയോ ചെയ്യുന്നവർ)] |

2. ഹരിതകർമ്മ സേന പ്രവർത്തകരുടെ ആശ്രിതർക്ക് പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.

3. പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് ജാതി/മതം/വരുമാനം എന്നീ നിബന്ധനകൾ ബാധകമല്ല. അപേക്ഷകരായ വിദ്യാർത്ഥികൾക്ക് ആധാർ സീഡഡ് ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്.

4. ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് രൂ. 3500/-, ഹോസ്റ്റലറായിട്ടുള്ള വിദ്യാർത്ഥികൾക്ക് രൂ. 8000/- എന്നീ നിരക്കിൽ ഒറ്റത്തവണയായി സ്കോളർഷിപ്പ് ലഭിക്കും. സ്കോളർഷിപ്പ് തുകയുടെ 40% സംസ്ഥാന സർക്കാർ PFMS മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും 60% തുക കേന്ദ്ര സർക്കാർ നേരിട്ട് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യും. 3 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെ മാത്രമേ ഹോസ്റ്റലർ ആനുകൂല്യത്തിനായി പരിഗണിക്കുകയുള്ളൂ.

5. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് 10% തുക അധികമായി ലഭിക്കുന്നതാണ്. ഭിന്നശേഷിയുള്ളവരും ഹോസ്റ്റലറായിട്ടുള്ളവരും അതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

6. 9-10 ക്ലാസുകളിൽ പഠിക്കുന്നതും Central Prematric Scholarship Comonent-II പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ളതുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് Central Prematric Scholarship Component-I, Central Prematric Scholarship Component-II എന്നിവയിൽ ഒരു സ്കോളർഷിപ്പിനു മാത്രമേ അപേക്ഷിക്കുവാൻ കഴിയുകയുള്ളൂ.

## C. അപേക്ഷാ സമർപ്പണ രീതി (സ്ഥാപന തലം)

1. 2022-23 വർഷം വരെ അപേക്ഷകളുടെ ഹാർഡ് കോപ്പി ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപനത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി SCDO ഓഫീസിൽ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തു വന്നിരുന്നത്. എന്നാൽ നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2023-24 വർഷം മുതൽ പദ്ധതി പ്രകാരമുള്ള അപേക്ഷാ സമർപ്പണം പൂർണ്ണമായും ഓൺലൈൻ മോഡിൽ സ്ഥാപനതലത്തിലേക്ക് മാറ്റിയിട്ടുണ്ട്. 2024-25 വർഷവും ഇതേ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2. പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ ചുവടെ പറയുന്ന രേഖകൾ സ്ഥാപനമേധാവി മുമ്പാകെ ഹാജരാക്കേണ്ടതും സ്ഥാപനത്തിൽ നിന്നും ഇ-ഗ്രാന്റ്സ് ലോഗിനിലെ പ്രത്യേക ഓപ്ഷൻ മുഖേന അപേക്ഷ ഓൺലൈനായി SCDO ഓഫീസിലേക്ക് ഫോർവേഡ് ചെയ്യേണ്ടതുമാണ്.

| | |
|---|---|
| (a) | അപേക്ഷകരായ വിദ്യാർത്ഥികളുടെ മാതാപിതാക്കൾ/രക്ഷിതാക്കൾ അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നു എന്നു തെളിയിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ/സാമൂഹ്യക്ഷേമ ഓഫീസറുടെ സാക്ഷ്യപത്രം |
| (b) | ഭിന്നശേഷി സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ മാത്രം) |
| (c) | ഹോസ്റ്റൽ ഇൻമേറ്റ് സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ മാത്രം) |

3. അപേക്ഷ ഓൺലൈനായി അയച്ചതിനു ശേഷം സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ മാത്രം ബന്ധപ്പെട്ട SCDO

ഓഫീസിൽ ഹാജരാക്കണം. ഇവ വിദ്യാർത്ഥികൾ/രക്ഷകർത്താക്കൾ നേരിട്ടോ അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനം മുഖേനയോ SCDO ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടോ മറ്റ് രേഖകളോ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതില്ല. സ്ഥാപനത്തിൽ നിന്നും അയക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ സ്ഥാപനത്തിന്റെ ഇ-ഗ്രാന്റ്സ് ലോഗിനിൽ ലഭ്യമാകുന്നതാണ്.

4. 2023-24 വർഷം പദ്ധതിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ളവർ വീണ്ടും നൽകേണ്ടതില്ല. ഇവരുടെ അപേക്ഷകൾ റിന്യൂവലിനായി അതാത് സ്കൂൾ ലോഗിനിൽ ലഭ്യമാകുന്നതാണ്. ആയത് പരിശോധിച്ച് വിദ്യാർത്ഥി 2024-25 വർഷം പഠനം തുടരുന്നു എന്ന സാക്ഷ്യപത്രം സഹിതം ഫോർവേഡ് ചെയ്താൽ മതിയാകും.

**D. അപേക്ഷകളുടെ പരിശോധന/അപ്രൂവൽ (SCDO തലം)**

1. സ്ഥാപനത്തിൽ നിന്നും ഓൺലൈനായി ലഭിക്കുന്ന അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് പരിശോധനയ്ക്കായി സൂക്ഷിക്കുക. ഇതോടൊപ്പം രക്ഷിതാക്കളുടെ തൊഴിൽ സംബന്ധമായ സർട്ടിഫിക്കറ്റ്, ബാധകമായ കേസുകളിൽ ഭിന്നശേഷി/ഹോസ്റ്റൽ സർട്ടിഫിക്കറ്റ് എന്നിവയും വിദ്യാർത്ഥികളിൽ നിന്നും/സ്കൂളിൽ നിന്നും ലഭ്യമാക്കി അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. മറ്റൊരു രേഖയും ഹാജരാക്കുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടേണ്ടതില്ല.

2. ഓൺലൈൻ അപേക്ഷയിലെ വിവരങ്ങളും സർട്ടിഫിക്കറ്റുകളിലെ വിവരങ്ങളും പരിശോധിച്ച ശേഷം അർഹതയ്ക്ക് വിധേയമായി അപ്രൂവൽ നൽകേണ്ടതാണ്. അപ്രൂവ് ചെയ്യുന്ന അപേക്ഷകൾ ഉടൻ തന്നെ beneficiary validation/payment എന്നിവയ്ക്കായി PFMS ലേക്ക് ഷെയർ ചെയ്യപ്പെടുന്നതാണ്. അപ്രൂവ് ചെയ്ത അപേക്ഷകളിൽ പുന:പരിശോധന അനുവദിക്കുന്നതല്ല.

**E. പ്രചരണം/മറ്റുള്ളവ**

1. എല്ലാ സ്കൂളുകളിലും പ്രൊമോട്ടർമാർ മുഖേനയോ SCDO മാർ നേരിട്ടോ പദ്ധതിയെ സംബന്ധിച്ച കൃത്യമായ വിവരങ്ങളും അവബോധവും നൽകേണ്ടതാണ്. പദ്ധതിയ്ക്ക് വ്യാപകമായ പ്രചാരണം നൽകുന്നതിന് സ്കൂൾ മേധാവികൾക്കും തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദ്ദേശം നൽകണം. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അർഹരായ എല്ലാ വിദ്യാർത്ഥികളും പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.

2. അപേക്ഷകൾ അയക്കുന്നതിലും മറ്റു സാങ്കേതികമായ വിഷയങ്ങളിലും സ്കൂൾ അധികൃതർക്ക് ആവശ്യമായ എല്ലാ സഹായവും പരിശീലനവും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർ നൽകേണ്ടതാണ്.

3. ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ പദ്ധതിയുടെ പ്രചാരണത്തിനായി ജില്ലാ തലത്തിൽ പത്രക്കുറിപ്പ് നൽകേണ്ടതും പദ്ധതിയുടെ പുരോഗതി യഥാസമയം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി SCDO തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

**Sreedhanya Suresh IAS**

**DIRECTOR**

Signed by
Sindhu Paramesh
Date: 30-11-2024 11:54:43

ഡയറക്ടർക്ക് വേണ്ടി

ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

എല്ലാ SCDO മാർക്കും (ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖേന)

പകർപ്പ്:-

1) പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
2) രജിസ്ട്രാർ, സി-ഡിറ്റ്
3) സ്റ്റോക്ക് ഫയൽ / സ്പെയർ